## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6198** — **02/04/2018-ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് ആനുകൂല്യം വളരെ കുറവാണെന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റിസ്ക് ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. റിസ്ക് ഫണ്ട് ആനുകൂല്യവും ബോർഡിന്റെ വരുമാനവും കാലോചിതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതാണ്. |
| (ബി) | സഹകരണ ബാങ്കുകളിൽ വായ്പ കുടിശ്ശികയുള്ളവർക്ക് വായ്പ തിരിച്ചടവിൽ എന്തെല്ലാം ഇളവുകൾ അനുവദിക്കാൻ വ്യവസ്ഥയുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത് കുടിശ്ശികയായി ജപ്തി നടപടികളും മറ്റും നേരിടുന്ന ദരിദ്രരായ ജനങ്ങളെയും, സഹകാരികളെയും സഹായിക്കുന്നതിനും, സംഘങ്ങൾ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും സഹകാരികളെ അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് അവസരം ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പദ്ധതി "നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി -2018" ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിവിധ ഇളവുകളോടെ വായ്പ കുടിശ്ശികയായവർക്കും, ജപ്തിനടപടികളും മറ്റും നേരിടുന്ന പാവപ്പെട്ട ജനങ്ങൾക്കും കുറഞ്ഞ നിരക്കിലും, സാധാരണ പലിശയിലും പലിശ കണക്കാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാൻ അവസരം നൽകുന്ന ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ ആണ്. |

സെക്ഷൻ ഓഫീസർ